D2BML2301 (A3) **(2 Pages)** **Reg. No:......................**

**Name: ........................**

**SECOND SEMESTER BCA/B.Sc. C.S DEGREE EXAMINATION APRIL 2024**

**(Regular/Improvement/Supplementary)**

**COMMON COURSE IN MALAYALAM**

**GMAL2A06T: ഭാഷയും സാഹിത്യവും 2**

**Time: 2 ½ Hours.** **Maximum Marks: 80**

**ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

**ഒരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.**

1. 'ചില പ്രത്യേക സന്ദർഭങ്ങളിൽ ആ മനുഷ്യനെ നിങ്ങൾ ഓർക്കും'. ഓർക്കാൻ കാരണമെന്ത്?
2. 'ഇതിവിടെ ചെലവാക്കാൻ ഉദ്ദേശിക്കല്ലേ! പണം വെച്ചിട്ടു പോ...' സൂചിത സന്ദർഭം എന്ത്?
3. 'എന്റെ മനസ്സ് തന്നെ ഗബ്രിയേൽ മാലാഖയുടെ സ്വരത്തിൽ പറഞ്ഞു' പറഞ്ഞതെന്ത്?
4. 'ആ പൂച്ചെണ്ടുകൾ കൊണ്ടുള്ള വോളിബോൾ കളി എനിക്ക് മറക്കുവാൻ വയ്യ' ആരുടെ വിലാപമാണിത്? സൂചിതം എന്ത്?
5. 'ഭഗ്നഭവനം' എന്ന നാടകത്തിലെ ഡോക്ടറുടെ സവിശേഷതകൾ ഏവ?
6. 'വലിയ ചുമതലയാണ് ഏറ്റെടുക്കുന്നത് എന്ന് ശാന്ത എന്നെ താക്കീത് ചെയ്തു'. ചുമതല എന്ത്?
7. 'എന്റെ തലച്ചോറിൽ ഉൽക്കടമായ ഒരു അഭിവാഞ്ഛ കൊടുങ്കാറ്റ് പോലെ ആഞ്ഞടിക്കാൻ തുടങ്ങി' എന്തായിരുന്നു അഭിവാഞ്ഛ?
8. 'താക്കോൽ പടിഞ്ഞാറേപ്പുരയുടെ മോന്തായത്തിൽ ഭദ്രമായി സൂക്ഷിച്ചു വച്ചു. പോവാനുറച്ചു' ആര്? എങ്ങോട്ട്?
9. അംബികാസുതൻ മാങ്ങാട് രചിച്ച രണ്ട് നോവലുകളുടെ പേരെഴുതുക.
10. 'ശുകന്റെ' സവിശേഷതകൾ എന്ത്?
11. ദേവയാനിയുടെയും നീലകണ്ഠന്റെയും ജീവിത ഉടമ്പടിയുടെ സവിശേഷത എന്ത്?
12. മാദിരിവള്ളിയുടെ പ്രത്യേകത എന്ത്?
13. ഇബ്സന്റെ നാടകങ്ങളുടെ രണ്ട് സവിശേഷതകൾ എഴുതുക.
14. 'ഭഗ്നഭവനം' എന്ന നാടകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ ആരൊക്കെ?
15. 'അതിന് അതിന്റേതായ കൈപ്പും മധുരവും ഉണ്ടായിരുന്നു' ഏതിന്?

**(തുടർച്ച .... 2)**

**ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഒരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.**

16. 'ഒരു മനുഷ്യൻ' എന്ന കഥയിലെ കഥാനായകൻ താമസിക്കുന്ന നഗരത്തിന്റെ സവിശേഷതകൾ എന്ത്?
17. സിസ്റ്റർ മാർഗ്ഗരീറ്റയുടെ സ്വഭാവസവിശേഷതകൾ വിവരിക്കുക.
18. വിവാഹശേഷം വന്നുചേർന്ന പുതിയ ചുമതലകൾ പാലൂരിന്റെ ജീവിതത്തെ എപ്രകാരമാണ് സ്വാധീനിച്ചത്?
19. ഒരു ദിവസം അർദ്ധരാത്രി ചെറുകാട് കണ്ടതും അദ്ദേഹത്തിന്റെ ജീവിതം മാറ്റിമറിച്ചതുമായ സ്വപ്നം എന്തായിരുന്നു?
20. കണ്ണാടിയും സ്ത്രീയും തമ്മിലുള്ള കൂടിക്കാഴ്ചയുടെ സവിശേഷതകൾ എന്ത്?
21. 'അച്ഛാ എന്നെ വിചാരിച്ച് അച്ഛൻ ആഹാരം കഴിക്കണം. ഇല്ലെങ്കിൽ ഞാനും പട്ടിണി കിടക്കും. നമുക്കൊന്നിച്ച് മരിക്കാം.' ഇപ്രകാരം പറയുന്നതിന്റെ കാരണമെന്ത്? സന്ദർഭം വിശദീകരിക്കുക.
22. 'എനിക്ക് ജീവിക്കണം. മരിച്ചത് ധാരാളം മതി' ആര് ആരോട് പറയുന്ന വാക്കുകൾ? സന്ദർഭം എന്ത്?
23. പറങ്കിമാവിൻതോട്ടങ്ങൾ മൂലം 'എൻമകജെ'യിലെ പ്രകൃതിയിൽ ഉണ്ടായ മാറ്റങ്ങളും പ്രശ്നങ്ങളും വിശദീകരിക്കുക.

**ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഒരോന്നിനും 10 മാർക്ക് വീതം.**

24. ഇന്ദിരാഗാന്ധിയുടെ വധം സാധാരണ ജനജീവിതത്തെ ബാധിക്കുന്നത് എൻ. എസ്. മാധവൻ അടയാളപ്പെടുത്തുന്നത് എപ്രകാരമാണ്?
25. 'സന്താനഗോപാലം' എന്ന തലവാചകം പ്രസ്തുത അധ്യായത്തിന് എപ്രകാരം യോജിക്കുന്നുവെന്ന് പരിശോധിക്കുക.
26. 'എൻമകജെ' എന്ന നോവൽ കാസർകോട് ജില്ലയുടെ വടക്കേ അറ്റത്തുള്ള ഒരു ഗ്രാമത്തിന്റെ മാത്രം കഥയല്ല. സാമ്രാജ്യത്വം ആഗോളതലത്തിൽ കെട്ടഴിച്ചു വിട്ടിരിക്കുന്ന പാരിസ്ഥിതികാധിനിവേശത്തിന്റെ തീഷ്ണമായ അടയാളപ്പെടുത്തൽ കൂടിയാണ്. വിശദമാക്കുക.
27. എൻ. കൃഷ്ണപിള്ളയുടെ നാടകങ്ങളുടെ രചനാസവിശേഷതകൾ 'ഭഗ്നഭവനം' എന്ന കൃതിയെ മുൻനിർത്തി പരിശോധിക്കുക.

**(2 × 10 = 20 മാർക്ക്)**